# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 5742.

27..10..2011-ൽ മറുപടിക്ക്

## പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കെ.സി. ജോസഫ്, (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി) |
| (എ) പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) പാലിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പാലിന്റെ ഉല്പാദന ചെലവ് പരമാവധി കുറയ്ക്കുന്നതിനു വേണ്ടി കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ വികസന പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എം.എസ്.ഡി.പി. പദ്ധതി, ക്ഷേമനിധി ആനുകൂല്യങ്ങൾ, പാലിന്റെ ഗുണനിലവാര പരിശോധന, ക്ഷീര കർഷകർക്ക് ആവശ്യമായ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നിവയും നടപ്പിലാക്കി വരുന്നു. |
| (ബി) ക്ഷീരകർഷകർക്ക് ഇപ്പോൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; | (ബി) കന്നുകുട്ടി ദത്തെടുക്കൽ പരിപാടി, മിനി ഡയറി ഫാമിലെ കറവ പശുക്കൾക്ക് സൗജന്യ തീറ്റ വിതരണം, കറവ മൃഗങ്ങളുടെ സൗജന്യ ഇൻഷ്വറൻസ് പദ്ധതി, കറവ മൃഗങ്ങൾക്ക് വിരയിളക്കുന്ന പദ്ധതി, 9 മാസം പ്രായമായ പെൺ കിടാരികളെ ദത്തെടുക്കൽ പദ്ധതി, കറവ യന്ത്ര വിതരണം, അപകട ഇൻഷ്വറൻസ്, മരണാനന്തര ധനസഹായം, ഉപരിപഠന ധനസഹായം, പ്രൊഡക്ഷൻ ഇൻസെന്റീവ്, സമ്മർ ഇൻസെന്റീവ്, കെട്ടിട നിർമ്മാണ ഗ്രാന്റ് എന്നിവ മിൽമ വഴിയും ക്ഷീരകർഷകർക്ക് പെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ ക്ഷേമനിധി ബോർഡ് വഴിയും നൽകി വരുന്നു. മലബാർ മേഖലാ യൂണിയൻ കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കിന് 70 രൂപ സബ്സിഡി നൽകുന്നുണ്ട്. ഇതിനു പുറമെ, തിരുവനന്തപുരം മേഖലാ യൂണിയൻ ലിറ്ററിന് 1 രൂപ അധികവില ഇൻസെന്റീവ് ആയും നൽകുന്നുണ്ട്. |

| | |
|---|---|
| (സി) ക്ഷീരകർഷകർക്ക് പാലിന്റെ വിലയായി മിൽമ ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത്; ഇതു വർദ്ധിപ്പിക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ? | (സി) മിൽമ ക്ഷീരകർഷകർ നൽകുന്ന 3% കൊഴുപ്പും 8.5% കൊഴുപ്പിതര ഘടകങ്ങളും ഉള്ള പാലിന് 21.37 രൂപ വില നൽകുന്നു. ഇത് വർദ്ധി പ്പിക്കുന്നത് സംബന്ധിച്ച് മിൽമയാണ് തീരുമാന മെടുക്കേണ്ടത്. |

**സെക്ഷൻ ഓഫീസർ.**